**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1658** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ടി.സിദ്ദിഖ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സ്വകാര്യ പങ്കാളിത്തം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ കൊണ്ട് പരമാവധി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക് പ്രോഗ്രാമുകൾ വൈവിധ്യവത്കരിച്ചും ന്യൂജനറേഷൻ പ്രോഗ്രാമുകൾ കൊണ്ടുവന്നും സ്ഥാപനങ്ങളിലെ സീറ്റ് വർദ്ധിപ്പിച്ചും കൂടുതൽ അധ്യാപകരെ നിയമിച്ചും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്രിട്ടിക്കൽ മാസ് ഉറപ്പാക്കാനുള്ള ശ്രമത്തിലാണ്. കോളേജുകളിലും സർവ്വകലാശാലകളിലും കഠിനാധ്വാനികളായ വിദ്യാർത്ഥികളെയും പണ്ഡിതരായ അധ്യാപകരെയും വർദ്ധിപ്പിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. എല്ലാ സർവകലാശാലകളെയും കോളേജുകളെയും ഉയർന്ന അക്കാദമിക കീഴ്‌വഴക്കങ്ങളുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയും വിദ്യാർഥികൾ സ്വന്തം കഴിവുകൾ പരമാവധി വർദ്ധിപ്പിച്ചേ മതിയാവൂ എന്ന സാഹചര്യമുറപ്പാക്കുകയും ചെയ്യും. അധ്വാനിച്ച് പഠിക്കുന്ന വിദ്യാർത്ഥികളും ഗവേഷണത്തിലേർപ്പെടുന്ന അധ്യാപകരും അത്യന്താപേക്ഷിതമാക്കുന്ന സംവിധാനം നിർബന്ധമായും സൃഷ്ടിക്കും. ഇക്കാര്യങ്ങൾ പഠിച്ച് കൂടുതൽ നിർദ്ദേശങ്ങൾക്കായി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. ജ്ഞാനോത്പാദന മേഖലയിൽ വമ്പിച്ച നിക്ഷേപത്തിന് സർക്കാർ തയ്യാറെടുത്ത് കഴിഞ്ഞു. റിബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള വിഷയാന്തര ഗവേഷണത്തിനായി മുഖ്യമന്ത്രി അഞ്ഞൂറ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏതാനും വിശേഷാവഗാഹമേഖലകളിൽ ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ തുറക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സുസ്ഥിരതയും ജനക്ഷേമവും പാരിസ്ഥിതികനീതിയും പാലിച്ചുകൊണ്ടുള്ള നവകേരളനിർമാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അത്യാധുനിക ശാസ്ത്ര-സാങ്കേതിക ഗവേഷണം ഈ കേന്ദ്രങ്ങളിൽ വിന്യസിപ്പിക്കും. |
| (ബി) | സംസ്ഥാനത്തെ സർവകലാശാലകളുടെ ഭരണ നിർവഹണത്തിലും അക്കാദമിക രംഗത്തുമുണ്ടായ മാറ്റങ്ങൾ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം നടത്തുന്നതിൽ നിന്നും കുട്ടികളെ പിന്തിരിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ കൊണ്ട് പരമാവധി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക് പ്രോഗ്രാമുകൾ വൈവിധ്യവത്കരിച്ചും ന്യൂജനറേഷൻ പ്രോഗ്രാമുകൾ കൊണ്ടുവന്നും സ്ഥാപനങ്ങളിലെ സീറ്റ് വർദ്ധിപ്പിച്ചും കൂടുതൽ അധ്യാപകരെ നിയമിച്ചും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്രിട്ടിക്കൽ മാസ് ഉറപ്പാക്കാനുള്ള ശ്രമത്തിലാണ്. കോളേജുകളിലും സർവ്വകലാശാലകളിലും കഠിനാധ്വാനികളായ വിദ്യാർത്ഥികളെയും പണ്ഡിതരായ അധ്യാപകരെയും വർദ്ധിപ്പിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. എല്ലാ സർവകലാശാലകളെയും കോളേജുകളെയും ഉയർന്ന അക്കാദമിക കീഴ്‌വഴക്കങ്ങളുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയും വിദ്യാർഥികൾ സ്വന്തം കഴിവുകൾ പരമാവധി വർദ്ധിപ്പിച്ചേ മതിയാവൂ എന്ന സാഹചര്യമുറപ്പാക്കുകയും ചെയ്യും. അധ്വാനിച്ച് പഠിക്കുന്ന വിദ്യാർത്ഥികളും ഗവേഷണത്തിലേർപ്പെടുന്ന അധ്യാപകരും അത്യന്താപേക്ഷിതമാകുന്ന സംവിധാനം നിർബന്ധമായും സൃഷ്ടിക്കും. ഇക്കാര്യങ്ങൾ പഠിച്ച് കൂടുതൽ നിർദ്ദേശങ്ങൾക്കായി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. ജ്ഞാനോത്പാദന മേഖലയിൽ വമ്പിച്ച നിക്ഷേപത്തിന് സർക്കാർ തയ്യാറെടുത്ത് കഴിഞ്ഞു. റിബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള വിഷയാന്തര ഗവേഷണത്തിനായി മുഖ്യമന്ത്രി അഞ്ഞൂറ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏതാനും വിശേഷാവഗാഹമേഖലകളിൽ ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ തുറക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സുസ്ഥിരതയും ജനക്ഷേമവും പാരിസ്ഥിതികനീതിയും പാലിച്ചുകൊണ്ടുള്ള നവകേരളനിർമാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അത്യാധുനിക ശാസ്ത്ര-സാങ്കേതിക ഗവേഷണം ഈ കേന്ദ്രങ്ങളിൽ വിന്യസിപ്പിക്കും. |
| (സി) | സ്വകാര്യ സർവകലാശാലകളുടെ കടന്നു വരവ് സംസ്ഥാനത്തെ സർവകലാശാലകളെ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ദുർബലപ്പെടുത്തുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സമീപനം തിരുത്തുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ